ഉത്തരം

(എ-സി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് ഒന്നാംഘട്ടത്തിൽ മെയിന്റനൻസ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 13 റോഡുകളിൽ 339 കി. മീ. റോഡിന്റെ പണികൾ അന്തിമഘട്ടത്തിലും, അപ്ഗ്രഡേഷൻ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 254 കി. മീ.റോഡിന്റെ പണികൾ പ്രാരംഭഘട്ടത്തിലുമാണ്. (ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്)* ഈ പദ്ധതിയുടെ നടത്തിപ്പിനായി 2003 മെയ് മാസം വരെ 39.67 കോടി രൂപ ചെലവായിട്ടുണ്ട്.

റോഡു വികസന നയം രൂപീകരിക്കാൻ നടപടി

41 (638) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ നടത്തി ജനങ്ങളുടെ അഭിപ്രായമനുസരിച്ച് 'റോഡ് വികസന നയം' രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സർവ്വേ ഏതുഘട്ടം വരെയായി എന്നറിയിക്കാമോ ;

(സി) സർവ്വേ പൂർത്തിയാക്കി റോഡ് വികസന നയം രൂപീകരിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ജനാഭിപ്രായം ആരാഞ്ഞുകൊണ്ട് ഒരു റോഡ് യൂസർ സർവ്വേ പൂർത്തിയായിട്ടുണ്ട്. അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(സി) 'റോഡ് വികസന നയം' രൂപീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

നബാർഡ് സഹായത്തോടെ പുനരുദ്ധരിച്ച റോഡുകൾ

42 (639) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് കഴിഞ്ഞ ഏഴ് വർഷങ്ങൾക്കുള്ളിൽ ചേലക്കര നിയോജക മണ്ഡലത്തിൽ നബാർഡിന്റെ ധനസഹായത്തോടെ ഏതെല്ലാം റോഡുകൾ പുനരുദ്ധരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ലഭ്യമാക്കിയ തുക എത്രയാണ് ;

(സി) 2002-2003 വർഷത്തിൽ ഏതെങ്കിലും പുതിയ റോഡുകൾക്ക് നബാർഡിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly